# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 270 02/03/2020-ൽ മറുപടിയ്ക്ക്**

## സാമൂഹിക ക്ഷേമ വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ മുല്ലക്കര രത്നാകരൻ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) സാമൂഹിക ക്ഷേമ വകുപ്പ് മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) സാമൂഹ്യ നീതി - വനിതാ ശിശു വികസന വകുപ്പുകൾ മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു |
| (ബി) ഇപ്രകാരമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന് കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (ബി) **അക്സസബിൾ ഇന്ത്യ കാമ്പയിൻ'** പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ 28 കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 8,59,96,000/- രൂപ കണക്കാക്കുകയും, ആയതിന്റെ 50% തുകയായ 4,29,98,000/- രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തു.<br><br>**നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ്സ് ഡിമാൻഡ് ഡിഡക്ഷൻ (NAPDD ), നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺ** എന്നീ പദ്ധതികൾക്കുള്ള തുക കേന്ദ്ര സർക്കാർ അനുവദിച്ചു നല്കുന്നുണ്ട്.IPSrC,IRCA,DDRS എന്നീ ഇനങ്ങളിലെ അപേക്ഷകർക്ക് പരിശോധനക്ക് വിധേയമായി ഫണ്ട് അനുവദിച്ചു നല്കുന്നുണ്ട് .<br><br>കൂടാതെ 2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി വനിതാ ശിശു വികസന വകുപ്പിന് ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതി | കേന്ദ്ര വിഹിതം (രൂപ) |
|---|---|---|
| 1. | മഹിള ശക്തി കേന്ദ്ര (MSK) | 34,32,000/- |
| 2. | സ്വധാർ ഗ്രഹ് | 32,26,200/- |
| 3. | ഉജ്ജ്വല | 27,97,309/- |
| 4. | ബേഠി ബച്ചാവോ ബേഠി പഠാവോ | 4,32,960/- |

| | | |
|---|---|---|
| 5. | നാഷണൽ ക്രഷ് സ്കീം | 8,68,40,297/- |
| 6. | അനുപൂരക പോഷകാഹാര പദ്ധതി (SNP) | 1119.39 ലക്ഷം |

സമ്പുഷ്ട കേരളം (NNM ) പദ്ധതിക്ക് ഇതുവരെ 7765 .78 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (സി) | സാമൂഹ്യ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വ്യക്തിഗതാനുകല്യം നൽകുന്ന പദ്ധതികളുണ്ടോ ;എങ്കിൽ അതിനായിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ ? | (സി) | 1.**സ്പോൺസർഷിപ്പ് പദ്ധതി**<br>സംയോജിത ശിശുസംരക്ഷണ പദ്ധതിയുടെ ഭാഗമായി വ്യക്തിഗതാനുകല്യമായി സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കിവരുന്നു.ജെ.ജെ. ആക്റ്റിന്റെ പരിധിയിൽ വരുന്ന 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക പരാധീനത മൂലം വിദ്യാഭ്യാസം നേടാൻ കഴിയാത്ത കുട്ടികൾക്ക് പഠനം ഉറപ്പാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ധനസഹായം നൽകുന്നതിനായാണ് സ്പോൺസർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്.<br>2.**പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)**<br>മറ്റ് പ്രസവാനുകൂല്യങ്ങൾ ലഭിക്കാത്ത സ്ത്രീകൾക്ക് ആദ്യ പ്രസവത്തിന് വ്യവസ്ഥകൾക്ക് വിധേയമായി മൂന്നു ഗഡുക്കളായി ആകെ 5,000/- രൂപ വ്യക്തിഗത ആനുകൂല്യം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## സാമൂഹ്യനീതി വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ

1)ആക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ

ഭിന്നശേഷിക്കാർക്ക് അവരുടെ ഭൗതിക സാഹചര്യങ്ങൾ, പൊതു നിരത്തുകൾ. കെട്ടിടങ്ങൾ_വാഹനങ്ങൾ, വിവിധ വകുപ്പുകളുടെ സർക്കാർ വെബ്സൈറ്റുകൾ , വിവര സാങ്കേതിക വിദ്യ എന്നിവ ഭിന്നശേഷി സൗഹൃദപരമാക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

2)നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ്സ് ഡിമാൻഡ് ഡിഡക്ഷൻ (NAPDD ) National Action Plan For Drugs Demand Reduction(NAPDDR)പ്രകാരം സംസ്ഥാന സർക്കാരിന് സമർപ്പിച്ചിരുന്ന സംസ്ഥാനതല ആക്ഷൻ പ്ലാൻ 2018-19.ന്റ സർക്കാർ അനുമതി നല്കുകയും അപ്രകാരം അനുവദിച്ചിട്ടുള്ള 67.50 ലക്ഷം രൂപ Awareness Generation,CapacityBuilding എന്നീ ഇനങ്ങളിൽ ചിലവഴിക്കുന്നതിനു Regional Resources Training Centre(RRTC) ,Kottayam മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

3)നാഷണൽ ആക്ഷൻ പ്ലാൻ ഫോർ സീനിയർ സിറ്റിസൺ

പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനതല പദ്ധതി നിർവ്വഹണത്തിന് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പ്തലത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു.

4) IPSrC,IRCA,DDRS എന്നീ പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും 2019-20 വർഷത്തെ ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി വകുപ്പ്തലത്തിൽ സ്വീകരിച്ചിട്ടുണ്ട്

5. മഹിള ശക്തി കേന്ദ്ര (MSK)

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ ശക്തി കേന്ദ്ര. മഹിളാ ശക്തി കേന്ദ്രയുടെ പ്രവർത്തനങ്ങൾ വിവിധ തട്ടുകളായിട്ടാണ് നടപ്പിലാക്കുന്നത്. 2018-19 സാമ്പത്തിക വർഷം തൃശ്ശൂർ ജില്ലയിൽ District Level Centre for Women (DLCW) ആരംഭിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ തെരഞ്ഞെടുത്ത നാലു ബ്ലോക്കുകളിലും വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലും ബ്ലോക്കുതലത്തിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് . കൂടാതെ ബാക്കിയുള്ള 12 ജില്ലകളിലും DLCW 2019-20 സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6.സ്വധാർ ഗ്രഹ്

ദുഷ്കരമായ സാഹചര്യങ്ങളിലും വിവിധ ജീവിത പ്രതിസന്ധികളിലും ചൂഷണത്തിനു വിധേയമാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും താൽക്കാലിക താമസസൗകര്യം, പുനരധിവാസം, വൈദ്യസഹായം, നിയമസഹായം മുതലായവ നൽകി ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സ്വധാർ ഗ്രഹ്. പദ്ധതി നടത്തിപ്പിനാവശ്യമായ തുക 60:40 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്നു. പ്രസ്തുത പദ്ധതി NGO കൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

7.ഉജ്ജ്വല പദ്ധതി

ലൈംഗിക ചൂഷണം തടയുക, ചൂഷണത്തിനിരയായവരെ മോചിപ്പിക്കുക, അവരെ പുനരധിവസിപ്പിക്കുക, പുനരേകീകരിക്കുക, സമൂഹത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു അംഗീകൃത സംഘടനകൾക്ക് ധനസഹായം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഉജ്ജ്വല.

ടി പദ്ധതി പ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി prevention ഇനത്തിൽ ഒരു ഹോമിനു 1,00,000/- രൂപയും

Rehabilitation ഇനത്തിൽ ഒരു ഹോമിന് 25,23,500/- രൂപയും എന്ന നിരക്കിൽ 60:30:10 എന്ന അനുപാതത്തിൽ യഥാക്രമം കേന്ദ്രം, സംസ്ഥാനം, സംഘടന എന്നിവർ വഹിക്കുന്നു.

**8 .ബേഠി ബച്ചാവോ ബേഠി പഠാവോ**

രാജ്യത്ത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനുപാതം കുറഞ്ഞ് വരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം ഒരു മാസ് `ക്യാമ്പയിനായി ഉയർത്തി കൊണ്ട് പെൺകുട്ടികളുടെ ശാക്തീകരണം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി രാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട 100 ജില്ലകളിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ബേഠി ബച്ചാവോ ബേഠി പഠാവോ. കേരളത്തിൽ തൃശ്ശൂർ ജില്ലയിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**9 നാഷണൽ ക്രഷ് സ്കീം**

പ്രസ്തുത പദ്ധതി പ്രകാരം ക്രഷ് സെന്ററുകളിൽ 6 മാസം മുതൽ 6 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ആവശ്യമായ പരിപാലനം നൽകുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രിഷൻ, ഉറങ്ങുന്നതിനുള്ള സൗകര്യം, ഗ്രോത്ത് മോണിറ്ററിംഗ്, ഹെൽത്ത് ചെക്കപ്പ്, മെഡിസിൻ ആന്റ് ഫസ്റ്റ് എയ്ഡ്, കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള കളിക്കോപ്പുകൾ, പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് എന്നീ സൗകര്യങ്ങൾ നൽകുന്നു. കേന്ദ്ര സർക്കാർ 60%, സംസ്ഥാന സർക്കാർ 30%, NGO 10% എന്ന അനുപാതത്തിൽ ഗ്രാന്റും നൽകി വരുന്നു.

**10 അനുപൂരക പോഷകാഹാര പദ്ധതി (SNP)**

സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പിലൂടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് അനുപൂരക പോഷകാഹാര പദ്ധതി (SNP). ഇത് 50:50 എന്ന ക്രമത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്. കേരളത്തിൽ അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ്. കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന 50% കേന്ദ്രവിഹിതം, വനിതാ ശിശു വികസന വകുപ്പിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി വരുന്നു. ഈ പദ്ധതിയിലൂടെ 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗുരുതര പോഷകാഹാര കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി കമ്മിറ്റിയുടെ അനുപൂരക പോഷകാഹാരം നൽകിവരുന്നു.

**11.കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG)**

11-14 വയസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നില്ലാത്ത പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് സാഗ് (Scheme for Adolescent Girls). അങ്കണവാടി തലത്തിൽ രൂപീകരിച്ചിട്ടുള്ള കുമാരി ക്ലബ്ബുകൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അനുപൂരക പോഷകാഹാരത്തിനു പുറമേ ആരോഗ്യ പോഷണ വിദ്യാഭ്യാസം, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവയും ഗുണഭോക്താക്കൾക്ക് നൽകുന്നു. പെൺകുട്ടികളെ ഔപചാരിക വിദ്യാഭ്യാസം തുടരുന്നതിന് പ്രോത്സാഹിപ്പിക്കുകയും അത് സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസം നൽകുകയും ചെയ്യുന്നു.

**12.സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS)**

കുട്ടികളുടെ അവകാശവും സംരക്ഷണവും ഉത്തമ താൽപര്യവും ലക്ഷ്യമാക്കി വിവിധ സംരംഭങ്ങളെ ഒരു കടക്കീഴിൽ ഏകോപിപ്പിച്ച കൊണ്ട് വനിത ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സംയോജിത ശിശു സംരക്ഷണ പദ്ധതി (ICPS). ഈ പദ്ധതിയുടെ ഭാഗമായുള്ള ഇരുപത്തിയഞ്ചു കോടി രൂപയുടെ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്.

**13.പ്രധാനമന്ത്രി മാതൃ വന്ദന യോജന (PMMVY)**

തൊഴിൽചെയ്ത് ജീവിക്കുന്ന സ്ത്രീകൾക്ക് അവരുടെ ഗർഭ/പ്രസവ കാലയളവിലുണ്ടാകുന്ന തൊഴിൽ/വരുമാന നഷ്ടം ചെറിയ പരിധിവരെ പരിഹരിക്കുന്നതിനും ഗർഭ/പ്രസവ കാലയളവിൽ സ്ത്രീയ്ക്കും കുഞ്ഞിനും ആവശ്യമായ പോഷക പരിചരണം ഉറപ്പാക്കുന്നതിനും വേണ്ടി നടത്തുന്ന പദ്ധതി. 19 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്ക് അവരുടെ ആദ്യത്തെ സജീവ പ്രസവത്തിന് 5,000/- രൂപ ആനുകൂല്യമായി ലഭിക്കുന്നു. ഇപ്രകാരം ആനുകൂല്യം

അനുവദിക്കുന്ന 5,000/- രൂപ 3 ഗഡുക്കളായിട്ടാണ് നൽകുന്നത്. (1,000+2,000+2,000) സാമ്പത്തിക ആനുകൂല്യം ഗുണഭോക്താവിന്റെ ബാങ്ക്/ പോസ്റ്റോഫീസ് അക്കൗണ്ട് വഴി നേരിട്ട് നൽകുന്നു. സർക്കാർ/ അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലോ ജോലി ഇല്ലാത്തവരും മറ്റേതെങ്കിലും പ്രസവാനുകൂല്യം ലഭിക്കാത്തവരുമായ എല്ലാ സ്ത്രീകളും പദ്ധതി ഗുണഭോക്താക്കളാകുന്നതിന് അർഹരാണ്.

**14.സംയോജിത ശിശു വികസന സേവന പദ്ധതി (ICDS)**

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുന്ന സംയോജിത ശിശു വികസന സേവന പദ്ധതി സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ 33,115 അങ്കണവാടികളിലൂടെ ടി പദ്ധതിയുടെ സേവനം അമ്മമാർക്കും, കുട്ടികൾക്കും, കൗമാരക്കാരായ പെൺകുട്ടികൾക്കും ശിശു വികസന പദ്ധതി ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു. അങ്കണവാടി പ്രവർത്തകർ, സൂപ്പർവൈസർ, എന്നിവർക്കുള്ള ജോബ് റിഫ്രഷർ പരിശീലനങ്ങൾ കേന്ദ്ര ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. അങ്കണവാടി കുടിവെള്ള സൗകര്യം, അങ്കണവാടി ശിശു സൗഹൃദ ടോയലറ്റ് എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

**15. സമ്പുഷ്ട കേരളം (NNM )**

ഒരു ഏകോപിത, ജീവിത ചക്ര, ഫലാധിഷ്ഠിത സമീപനം സ്വീകരിച്ചു കൊണ്ട് പോഷണ ന്യൂനതകൾ പരിഹരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമാക്കുന്നത്. ജീവിത ചക്ര സമീപനത്തിന്റെ ഭാഗമായി കൗമാര പ്രായക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, 0-6 വയസ് വരെ പ്രായമുള്ള കുഞ്ഞുങ്ങൾ എന്നിവരുടെ പോഷണ ന്യൂനതകൾപരിഹരിക്കുന്നതിനാണ് പദ്ധതി ഊന്നൽ നൽകുന്നത്

സെക്ഷൻ ഓഫീസർ